(ബി - ഡി) സർക്കാരിന്റെ പരിഗണനയിലുള്ള പദ്ധതി ആവിഷ്ക്കരിക്ക പ്പെടുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യങ്ങൾക്ക് വ്യക്തത ഉണ്ടാവുകയുള്ളൂ.

ജനമൈത്രി പോലീസ് സ്റ്റേഷനുകൾ

15 (4619) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യ ത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ അംഗബലം ഉയർത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

പരിശോധിച്ചുവരുന്നു.

ക്രൈം വാരികയുടെ പത്രാധിപരെ അറസ്റ്റ് ചെയ്തത് സംബന്ധിച്ച്

16 (4621) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈം വാരികയുടെ പത്രാധിപർ ടി. പി. നന്ദകുമാർ, അസോസി യേറ്റ് എഡിറ്റർ രാജുഹരിഹരൻ എന്നിവരെ 2010 ജൂലൈ 3-ന് എന്തെല്ലാം കുറ്റങ്ങളുടെ പേരിലാണ് അറസ്റ്റ് ചെയ്തത് ;

(ബി) പരാതിക്കാരനായ അലക്സാണ്ടർക്കെതിരെ ശ്രീ. നന്ദകുമാർ മുമ്പ് പരാതി സമർപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഏതെല്ലാം കുറ്റകൃത്യങ്ങളിലാണ് അലക്സാണ്ടർ ഏർപ്പെട്ടിട്ടുള്ളതെന്നാണ് ശ്രീ. നന്ദകുമാർ പരാതിപ്പെട്ടിട്ടുള്ളതെന്ന് വ്യക്ത മാക്കുമോ ;

(ഡി) 'എത്തിക്സ് ഇന്ത്യ' എന്ന സ്ഥാപനത്തിലേയും, ശ്രീ. രാജു ഹരിഹരൻ എന്ന വ്യക്തിയുടേയും പക്കൽ നിന്ന് കംപ്യൂട്ടറിന്റെ എത്ര ഹാർഡ് ഡിസ്കുകളാണ് പോലീസ് പിടിച്ചെടുത്തിട്ടുള്ളത് ;

(ഇ) മേൽ സൂചിപ്പിച്ച കേസുമായി 'എത്തിക്സ് ഇന്ത്യ' എന്ന സ്ഥാപ നത്തിന് ബന്ധമുണ്ടോ ; ഇല്ലെങ്കിൽ അവരുടെ കമ്പ്യൂട്ടറിന്റെ ഹാർഡ് ഡിസ്ക് എടുത്തതെന്തിനെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഏതു വകുപ്പനുസരിച്ചാണ് നന്ദകുമാർ, രാജുഹരിഹരൻ എന്നി വർക്കെതിരെ പോലീസ് കേസെടുത്തിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരാതിക്കാരനായ അലക്സാണ്ടറിനെ അപകീർത്തിപ്പെടുത്താനുള്ള ഉദ്ദേശ്യത്തോടു കൂടി ക്രൈം മാഗസിനിന്റെ online edition ആയ www.crimenewsonline.com എന്ന വെബ്സൈറ്റിൽ ഫോട്ടോ ഉൾപ്പെടെ അപകീർത്തികരമായ വാർത്തകൾ പ്രസിദ്ധീകരിച്ചു എന്ന കുറ്റത്തിനാണ് ടി. പി. നന്ദകുമാർ, രാജു ഹരിഹരൻ എന്നിവരെ ജൂലൈ 3-ന് അറസ്റ്റ് ചെയ്തിട്ടുള്ളത്.

(ബി & സി) പരിശോധിച്ച് മറുപടി നൽകുന്നതാണ്.

(ഡി) 'എത്തിക്സ് ഇന്ത്യ' എന്ന സ്ഥാപനത്തിൽ നിന്നും ഒരു കമ്പ്യൂട്ടർ ഹാർഡ് ഡിസ്കും ശ്രീ. രാജു ഹരിഹരൻ എന്ന വ്യക്തിയുടെ വീട്ടിൽ നിന്നും ഒരു ഹാർഡ് ഡിസ്കും പിടിച്ചെടുത്തിട്ടുണ്ട്.

(ഇ) ബന്ധമുണ്ട്. 'എത്തിക്സ് ഇന്ത്യ' എന്ന സ്ഥാപനം ക്രൈം-ന്റെ പത്രാധിപരായ ടി. പി. നന്ദകുമാർ നടത്തുന്ന ഒരു അഡ്വർടൈസിംഗ് ആന്റ് മാർക്കറ്റിംഗ് സ്ഥാപനമാണ്. ഈ സ്ഥാപനത്തിലെ കമ്പ്യൂട്ടർ ഉപയോഗിച്ചാണ് crimenewsonline.com എന്ന വെബ്സൈറ്റിനുവേണ്ടി വാർത്തകൾ തയ്യാറാക്കുന്നത്. അതുകൊണ്ടാണ് ടി സ്ഥാപനത്തിൽനിന്നും കമ്പ്യൂട്ടർ സിസ്റ്റത്തിന്റെ ഹാർഡ് ഡിസ്ക് എടുത്തിട്ടുള്ളത്. മേൽ കമ്പ്യൂട്ടറിൽനിന്നും ക്രൈമിന്റെ ഓൺലൈൻ എഡിഷനിൽ നൽകുന്നതിനായി പാലായിലുള്ള അസോസിയേറ്റ് എഡിറ്ററായ രാജു ഹരിഹരൻ പെൻഡ്രൈവിൽ കോപ്പി ചെയ്തുകൊണ്ടുപോയി. ടിയാന്റെ വീട്ടിൽവച്ച് ക്രൈമിന്റെ വെബ്സൈറ്റിലേയ്ക്ക് അപ്ലോഡ് ചെയ്യുന്നതായിട്ടാണ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളത്.

(എഫ്) Sec. 66A(a)(b) of IT (Amendment) Act 2008 പ്രകാരമാണ് നന്ദകുമാർ, ഹരിഹരൻ എന്നിവർക്കെതിരെ കേസ് എടുത്തിട്ടുള്ളത്.

ആരോഗ്യമാസികയെന്ന പേരിലുള്ള അശ്ലീല വ്യാപനം

17 (4622) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യമാസികയെന്ന ലേബലിൽ അശ്ലീല പ്രചാരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡോക്ടറോടു ചോദിക്കാം തുടങ്ങിയ പംക്തികളുടെ വിശ്വാസ്യത ഇത്തരം പ്രസിദ്ധീകരണങ്ങളിൽ ഉറപ്പുവരുത്താൻ സംവിധാനമുണ്ടോ ;

(സി) ഇത്തരം പ്രസിദ്ധീകരണങ്ങൾ മലീമസമാക്കുന്ന സാംസ്കാരിക മണ്ഡലത്തിൽ ഇടപെടുന്നതിന് സർക്കാരിന്റെ പരിപാടിയെന്താണ് എന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly